"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- ഏഴാമത് സീതിഹാജി സ്മാരക ഏറനാട് ജലോത്സവം -2025 ജനുവരി 12 -ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.119/2025/TSM തീയതി,തിരുവനന്തപുരം, 25-02-2025

---

പരാമർശം:-

1. സീതിഹാജി സ്മാരക ഏറനാട് ജലോത്സവം 2025 സ്വാഗതസംഘ കമ്മിറ്റി കൺവീനർ സമർപ്പിച്ച 22-01-2025 ലെ നിവേദനം.
2. ബഹു.എംഎൽഎ ഏറനാട്, ശ്രീ.പി.കെ .ബഷീർ ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രി സമക്ഷം സമർപ്പിച്ച 23-01-2025 ലെ കത്ത്.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 19-02-2025 തീയതിയിലെ DOT/415/2025-M1 നം. കത്ത്.

**ഉത്തരവ്**

മൈത്ര വൈറ്റ് സ്റ്റാർ ആൻഡ് സ്പോർട്സ് ക്ലബ് നടത്തിക്കൊണ്ടിരിക്കുന്ന ഏഴാമത് സീതിഹാജി സ്മാരക ഏറനാട് ജലോത്സവം 2025 ജനുവരി 12 ന് മൈത്രക്കടവിൽ വച്ച് വിജയകരമായി സംഘടിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത പരിപാടിക്ക് ടൂറിസം വകുപ്പിന്റെ ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏറനാട് ജലോത്സവം സ്വാഗതസംഘ കമ്മിറ്റി കൺവീനർ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ , ബഹു.എംഎൽഎ ഏറനാട്, ശ്രീ.പി.കെ ബഷീർ പരാമർശം(2) പ്രകാരം ശിപാർശ ചെയ്തുകൊണ്ട് സർക്കാരിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്മേൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 ജനുവരി 12 ന് മൈത്രക്കടവിൽ വച്ച് മൈത്ര വൈറ്റ് സ്റ്റാർ ആൻഡ് സ്പോർട്സ് ക്ലബ് വിജയകരമായി സംഘടിപ്പിച്ച ഏഴാമത് സീതിഹാജി സ്മാരക ഏറനാട് ജലോത്സവത്തിനു **3452-80-104-99-പൈതൃകം പരിസ്ഥിതി സംസ്കാരം എന്നിവയുടെ സംരക്ഷണവും നിലനിർത്തലും പരിപോഷണവും - 01- വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം** എന്ന ശീർഷകത്തിൽ നിന്നും ₹1,00,000/-(ഒരു ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസത്തിനകം 7-ാംത് സീതിഹാജി സ്മാരക ഏറനാട് ജലോത്സവം 2025 സ്വാഗതസംഘ കമ്മിറ്റി കൺവീനർ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
സീതിഹാജി സ്മാരക ഏറനാട് ജലോത്സവം സ്വാഗതസംഘ കമ്മിറ്റി കൺവീനർ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 25-02-2025 17:31:17
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്